**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രധാനമന്ത്രി നാടിന് സമർപ്പിക്കുമ്പോൾ ടെർമിനൽ റോഡിനായി കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളിക്കാർ തെരുവിലെ പ്ലാസ്റ്റിക് ഷെഡുകളിൽ തന്നെ കഴിയുകയായിരുന്നു. പുനരധിവാസം വേണമെന്ന് ആവശ്യപ്പെട്ട് മൂന്ന് വർഷമായി ഇവർ നടത്തുന്ന സമരത്തിനുള്ള പരിഹാരം എന്തുകൊണ്ടാണ് അന്താരാഷ്ട്ര ട്രാൻഷിപ്പ്മെന്റ് ടെർമിനലിനോളം വേഗത്തിൽ പൂർത്തീകരിക്കപ്പെടാതിരിക്കുന്നത്. കേരളം വികസനത്തിന്റെ പറുദീസയായി മാറിയെന്ന് വാഴ്ത്തി വല്ലാർപ്പാടം ടെർമിനൽ ഉദ്ഘാടനം കൊണ്ടാടിയവർ എന്തേ മൂലമ്പിള്ളിക്കാരെ കാണാതെ പോയി ? കുടിയൊഴിപ്പിക്കപ്പെട്ട ആഗ്നസ് സംസാരിക്കുന്നു.**

# മൂലമ്പിള്ളി മറക്കരുത്

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റോഡിന്റെ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരാണ് ഞങ്ങൾ. മുന്നൂറിലധികം വീട്ടുകാരെ റോഡ് നിർമ്മിക്കുന്നതിനായി കുടിയൊഴിപ്പിച്ചു. മിക്കവരും നഷ്ടപരിഹാരത്തുക വാങ്ങി സമ്മതപത്രത്തിൽ ഒപ്പിട്ടു. എന്നാൽ മൂലമ്പിള്ളിയിലെ 10 വീട്ടുകാർ പകരം സ്ഥലവും വീടും നൽകാതെ ഒഴിഞ്ഞുപോകില്ലെന്ന് പറഞ്ഞ് സമരം ചെയ്തു. അതിലൊരാളാണ് ഞാൻ. ഒഴിഞ്ഞുപോകാൻ തയ്യാറാകാതിരുന്ന ഞങ്ങളെ പോലീസിനെ കൊണ്ടുവന്ന് വീട്ടിൽ നിന്നും അടിച്ചിറക്കി. ഒരു മുന്നറിയിപ്പുമില്ലതെയാണ് ഞങ്ങളുടെ വീടുകൾ പൊളിച്ചത്. ജെ.സി.ബി വന്ന് കുറച്ച് നേരം കൊണ്ട് എല്ലാം തകർത്തു. എങ്ങോട്ടും പോകാനില്ലാതെ പൊളിഞ്ഞുകിടക്കുന്ന വീടിന്റെ മുകളിലിരുന്ന് രാത്രിയിൽ ഞങ്ങൾ കരഞ്ഞു.

പ്ലാസ്റ്റിക്ക് ഷീറ്റുകൊണ്ട് കെട്ടിയുണ്ടാക്കിയ വീടിന് മുന്നിൽ ആഗ്നസ് ചേച്ചി : ഫോട്ടോ - അജിലാൽ



ഇടവകയിലെ അച്ചനൊക്കെ ഇടപെട്ടിട്ടാണ് ഞങ്ങൾക്ക് രാത്രിയിൽ കിടക്കാൻ സ്കൂൾ തുറന്നു തന്നത്. പിറ്റേന്ന് മേനകാ ജംഗ്ഷനിൽ സമരം ആരംഭിച്ച ഞങ്ങൾ കുറേനാൾ പല തരത്തിൽ സമരം ചെയ്തതിനെ തുടർന്നാണ് സർക്കാർ ഞങ്ങളുടെ പുനരധിവാസത്തിനായി മൂലമ്പിള്ളി പാക്കേജ് പ്രഖ്യാപിക്കുന്നത്. പക്ഷെ പാക്കേജ് നടപ്പിലാക്കാൻ പിന്നെയും താമസിച്ചു. പകരം സ്ഥലം കണ്ടെത്തിയെങ്കിലും ഒന്നും വീടുവയ്ക്കാൻ പറ്റുന്നതായിരുന്നില്ല. ടാർപ്പോളിൻ കൊണ്ട് കെട്ടിയ ഷെഡുകളിലാണ് മൂന്ന് വർഷമായി ഞങ്ങൾ കഴിയുന്നത്. പലതരത്തിലും വാഗ്ദാനങ്ങൾ തന്ന് ഞങ്ങളെ പറ്റിച്ചുകൊണ്ടിരുന്നു. അന്നത്തെ ജില്ലാ കളക്ടറായിരുന്ന മുഹമ്മദ് ഹനീഷിനെയും പിന്നെ വന്ന കളക്ടർ ബീനയേയും എത്ര തവണ കണ്ടു. ഒന്നും നടന്നില്ല. പല ഉദ്യോഗസ്ഥന്മാരും ഞങ്ങളോട് മര്യാദയില്ലാതെയാണ് പെരുമാറുന്നത്.

15 വർഷം പണിയെടുത്ത് ഉണ്ടാക്കിയ വീടാണ് ഒരു ദിവസം കൊണ്ട് അവർ പൊളിച്ചുകളഞ്ഞത്. കൂരയില്ലാതെ കഴിയാൻ തുടങ്ങിയിട്ട് മൂന്ന് വർഷം കഴിഞ്ഞു. പലരും രോഗികളായി. ഇത്രയും വലിയ ടെർമിനലിന്റെ നിർമ്മാണം വേഗത്തിൽ നടത്തിയവർ ഞങ്ങൾക്ക് എന്തുകൊണ്ടാണ് ഒരു ചെറിയ വീട് ഉണ്ടാക്കിതരാതിരുന്നത്. 80 സെന്റ് സ്ഥലം നഷ്ടമായ സെലസ്റ്റിൻ മാഷിന് ഒരു സെന്റ് സ്ഥലമാണ് കിട്ടിയത്. അതും പട്ടയം കിട്ടിയതുമില്ല. മൂന്ന് ലക്ഷം രൂപ വരെ സ്ഥലത്തിന് ഇന്ന് വിലയുള്ളിടത്താണ് ഞങ്ങൾ 50,000 രൂപ തന്ന് ഒഴിപ്പിച്ചത്. ഇതെല്ലാം മറന്നാണ് ഇപ്പോൾ വല്ലാർപ്പാടം ടെർമിനലിന്റെ ഉദ്ഘാടനം എല്ലാവരും ആഘോഷിച്ചത്.